I/202228/2024

ബി1/168/2023-TC 22-05-2024

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014
ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

പ്രേഷകൻ

ഗതാഗത കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താക്കൾ

എല്ലാ ഓഫീസ് മേധാവികൾക്കും

വിഷയം :- മോട്ടോർ വാഹന വകുപ്പ് - സ്റ്റേജ് ക്യാരേജ് വാഹനങ്ങളുടെ ടാക്സേഷൻ ഓഫീസറുടെ ചുമതല റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരിൽ നിക്ഷിപ്തമാക്കി സ്പഷ്ടീകരിച്ച് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

സൂചന:- 27.01.1984 ലെ സർക്കാരിന്റെ GO( Rt )75/84//TF&P നമ്പർ ഉത്തരവ്.

സൂചന പ്രകാരമുള്ള ഉത്തരവിൽ സബ്ബ് ആർ ടി ഓഫീസുകളിലെ ജോയിന്റ് ആർ ടി ഒ മാരെ സ്റ്റേജ് കാരിയേജ് ഒഴികെയുള്ള വാഹനങ്ങളുടെ ടാക്സേഷൻ ഓഫീസർമാരായി , ആർ ടി ഒമാർ ചെയ്യേണ്ട ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുവാൻ, ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സ്റ്റേജ് കാരിയേജ് വാഹനങ്ങളുടെ ടാക്സേഷൻ ചുമതലകൾ ആർ ടി ഒ മാരിൽ തന്നെ നിക്ഷിപ്തമായിരുന്നു.

സ്റ്റേജ് ക്യാരേജുകളുടെ പെർമിറ്റിന്റെ തരവും സ്വഭാവും അനുസരിച്ചാണ് നികുതി നിശ്ചയിക്കുന്നത് എന്നതിനാലും പെർമിറ്റ് ഫയലും ടാക്സ് ഫയലും പരസ്പര പൂരകമായി വർത്തിക്കേണ്ടത് അനിവാര്യമായതിനാലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മാത്രമാണ് സ്റ്റേജ് ക്യാരേജുകളുടെ ടാക്സ് ഫയലുകൾ 2019 വരെ കൈകാര്യം ചെയ്തു വന്നിരുന്നത്.

എന്നാൽ വാഹൻ സോഫ്റ്റ് വെയർ നിലവിൽ വന്നപ്പോൾ സ്റ്റേജ് ക്യാരേജുകളുടെ നികുതി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ സ്വീകരിക്കാവുന്ന തരത്തിലാണ് സജ്ജീകരിച്ചിരുന്നത്. കൌണ്ടറിൽ നികുതി സ്വീകരിക്കുവാനുള്ള ഈ സംവിധാനം സ്റ്റേജ് ക്യാരേജുകളുടെ ടാക്സേഷൻ പ്രവർത്തനങ്ങൾ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നിർവ്വഹിച്ച് ചില ഉദ്യോഗസ്ഥർ ദുരുപയോഗം ചെയ്യപ്പെടുന്നതായി ബോധ്യം വന്നിരിക്കുന്നു.

ആയതിനാൽ പെർമിറ്റ് അനുവദിക്കുന്ന അധികാരി(ആർ ടി ഒ)അല്ലാത്ത രജിസ്ട്രറിങ് അതോറിറ്റികൾ (സബ്ബ് ആർ ടി ഒകൾ ) സ്റ്റേജ് ക്യാരേജുകളുടെ ടാക്സേഷൻ പ്രവർത്തനങ്ങൾ നിർവ്വഹിക്കുവാൻ പാടില്ലാത്തതാണ് എന്ന് ഇതിനാൽ നിർദ്ദേശം നൽകുന്നു.

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ ആഭ്യന്തര കണക്ക് വിഭാഗം

I/202228/2024

(IAW) സബ്ബ് ഓഫീസുകളിൽ ഓഡിറ്റ് നടത്തുമ്പോൾ സ്റ്റേജ് ക്യാര്യേജുകളുടെ ടാക്സ് ഈടാക്കിയതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപാകതകൾ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അതനുസരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.മാത്രമല്ല ആർ ടി ഓഫീസുകളിലെ സീനിയർ സൂപ്രണ്ടുമാർ അവരുടെ അധികാര പരിധിയിലുള്ള സബ്ബ് ഓഫീസുകൾ നിരന്തരം പരിശോധിക്കേണ്ടതും മേൽ പറഞ്ഞതുൾപ്പെടെയുള്ള നികുതി സംബന്ധമായ വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

എല്ലാ ജീവനക്കാരുടേയും യോഗം അടിയന്തിരമായി ചേർന്ന് ഓഫീസ് മേധാവികൾ ഇതിന്റെ ഗൌരവം ജീവനക്കാരെ ബോദ്ധ്യപ്പെടുത്തേണ്ടതും ഈ നിർദ്ദേശത്തിന്റെ പകർപ്പ് നൽകി കൈപ്പറ്റ് രശീത് വാങ്ങേണ്ടതുമാണ്.

**"ടീം വാഹൻ"** , വാഹൻ സോഫ്റ്റ് വെയറിന്റെ അടുത്ത അപ് ഡേഷനിൽ ആവശ്യമായ ക്രമീകരണം വരുത്തേണ്ടതാണ്.

Signed by
Shaji Madhavan
Date: 22-05-2024 11:55:25

വിശ്വസ്തതയോടെ,

SHAJI MADHAVAN
SENIOR DEPUTY TRANSPORT COMMISSIONER

പകർപ്പ്:

1 ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) / സീനിയർ ഡി. റ്റി. സി. (ടാക്സ്) / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ / സീനിയർ ലോ ഓഫീസർ എന്നിവരുടെ സി എ മാർക്ക്.

2 നോഡൽ ഓഫീസർ എസ്.എസ്.ജി/സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / അസ്സിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ / അക്കൗണ്ട്സ് ഓഫീസർ / അക്കൗണ്ട്സ് ഓഫീസർ (ഓഡിറ്റ്).

3 എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും / റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും. / മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും - ചെക്ക്പോസ്റ്റിന്റെ ചുമതലയുള്ള /എല്ലാ സീനിയർ സൂപ്രണ്ടുമാർക്കും

4 നോഡൽ ഓഫീസർ (വെബ് സൈറ്റ്) / എസ്. എസ് ജി സെൽ / എസ്.എസ്.ജി വിഭാഗം (ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ www.mvd.kerala.gov.in പ്രസിദ്ധികരിക്കുന്നതിനായി)